# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **138/2026** തിരുവനന്തപുരം, തീയതി : **04/07/2026**

## <u>പത്രക്കുറിപ്പ്</u>

### <u>കേരളസർവകലാശാല</u>
### <u>ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം - 2026</u>
### <u>ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു</u>
### <u>കോളേജ് പ്രവേശനം 06/07/2026 മുതൽ 08/07/2026 വരെ തീയതികളിൽ</u>

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുള്ള 2026-27 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് സർവകലാശാല വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/pg2026) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല അഡ്മിഷൻ ഫീസ് പ്രൊഫൈലിൽ നിന്നും ഓൺലൈനായി ഒടുക്കി **'Transaction Success'** എന്ന് രേഖപ്പെടുത്തിയിട്ടുള്ള രസീതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത ശേഷം കോളേജിൽ ഹാജരായി പെർമനന്റ്/ടെമ്പററി അഡ്മിഷൻ എടുക്കേണ്ടതാണ്. ടെമ്പററി അഡ്മിഷൻ സംവിധാനം ഒന്നാംഘട്ട അലോട്ട്മെന്റിൽ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായ വിദ്യാർത്ഥികൾ കോളേജിൽ ഹാജരായി അഡ്മിഷൻ ഉറപ്പാക്കിയ ശേഷം (പെർമനന്റ് അഡ്മിഷൻ എടുത്തവർ ഉൾപ്പെടെ) ഹയർ ഓപ്ഷനുകൾ (അലോട്ട്മെന്റ് കിട്ടിയ ഓപ്ഷന് മുകളിലുള്ളവ) ജൂലൈ 9 ന് വൈകുന്നേരം 4 മണിക്ക് മുൻപായി നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുകയും അപ്രകാരം ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

### <u>കേരളസർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള മൂന്നാം ഘട്ട അഡ്മിഷൻ നടത്തുന്നു.</u>

കേരള സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള (2026-27 അധ്യയന വർഷം) മൂന്നാം ഘട്ട അഡ്മിഷൻ അതാത് പഠനവകുപ്പുകളിൽ വച്ച് 2026 ജൂലൈ 06 ന് നടത്തുന്നതാണ്. മൂന്നാം ഘട്ട അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കാൻ സാധ്യതയുള്ളവരുടെ അഡ്മിഷൻ മെമ്മോ പ്രൊഫൈലിൽ ലഭ്യമാണ്. മെമ്മോ ഡൗൺലോഡ് ചെയ്ത് അതിൽ പറഞ്ഞിരിക്കുന്ന രേഖകളുമായി കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്.

ഹാജരാക്കേണ്ട രേഖകൾ, മറ്റ് വിവരങ്ങൾ യൂണിവേഴ്സിറ്റി അഡ്മിഷൻ പോർട്ടലിൽ (**admissions.keralauniversity.ac.in**) ലഭ്യമാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക : ഇ-മെയിൽ : **cssfyugphelp2026@gmail.com**, ഫോൺ : 0471-2308328, മൊബൈൽ : 9188524612.

## കേരളസർവകലാശാല പിജി & എംടെക് (സി.എസ്.എസ്) അഡ്മിഷൻ 2026

കേരളസർവകലാശാലയിലെ പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള രണ്ടാംഘട്ട പ്രവേശനം 2026 ജൂലൈ 06 (തിങ്കളാഴ്ച) അതാത് പഠന വകുപ്പുകളിലായി നടക്കും. രണ്ടാംഘട്ട അഡ്മിഷനായി ഹാജരാകേണ്ട വിദ്യാർത്ഥികൾ അവരുടെ അഡ്മിഷൻ പ്രൊഫൈലിൽ നിന്ന് അഡ്മിഷൻ മെമ്മോ ഡൗൺലോഡ് ചെയ്ത് ആവശ്യമായ രേഖകളോടുകൂടി പ്രവേശന സമയത്ത് ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2308328, മൊബൈൽ : 9188524612, ഇ-മെയിൽ : csspghelp2026@gmail.com.

## പരീക്ഷാഫലം

കേരളസർവകലാശാല 2026 മാർച്ചിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽഎൽബി (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2011 - 2018 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും, പുനർമൂല്യനിർണ്ണയത്തിനും 2026 ജൂലൈ 12 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംടിടിഎം (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ജൂലൈ 13 വരെ ഓൺലൈനായി അപേക്ഷിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാലയുടെ ഒന്ന്, മൂന്ന്, അഞ്ച്, ഒൻപത് എന്നീ സെമസ്റ്ററുകളുടെ പഞ്ചവർഷ എംബിഎ (ഇന്റഗ്രേറ്റഡ്) റെഗുലർ & സപ്ലിമെന്ററി (2015 & 2022 സ്കീം) പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/പ്രോജക്ട് വൈവവോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2026 മെയിൽ നടത്തിയ ആറാം സെമസ്റ്റർ ബിഎസ്സി മാത്തമാറ്റിക്സ് ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ 2026 ജൂലൈ 14 നും, പ്രോജക്ട് വൈവവോസി 2026 ജൂലൈ 15 നും കാര്യവട്ടം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബിടെക് മാർച്ച് 2026 (2013 സ്കീം – മേഴ്സിചാൻസ്) പരീക്ഷയുടെ കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് (കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് – വിഷയം :

ആൽഗോരിതം ഡിസൈൻ ആന്റ് ഗ്രാഫിക്സ് ലാബ്) പ്രാക്ടിക്കൽ പരീക്ഷ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് ജൂലൈ 08 ന് (08/07/2026) നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2026 ജൂലൈയിൽ നടത്തുന്ന ജർമ്മൻ A2 (Deutsch A2) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല 2026 ജൂലൈ 15 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എൽഎൽഎം പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**